**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1296** **07-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തരം സ്കൂളുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തരം സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പഠനം തുടങ്ങുന്നതിനും ആലോചനയുണ്ടോ; വിശദാംശം നൽകുമോ; | (എ) | നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും സംവിധാനങ്ങളും വിശദമാക്കുമോ; | (ബി) | വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി , അംഗീകൃത അധ്യാപക സംഘടനകൾ , യുവജന സംഘടനകൾ , വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ മേയർമാരുടെ,വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിൽ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു.അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു.സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ/ എസ്.എം.സി., യുവജന സംഘടനകൾ, അധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (സി) | ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ കോവിഡാനന്തര വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചത് സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പഠനം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ; ഈ സംസ്ഥാനങ്ങളിൽ ടി.പി.ആർ. എത്ര ആയപ്പോഴാണ് വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | മറ്റു സംസ്ഥാനങ്ങൾ സ്കൂൾ തുറന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഇവിടെ പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.ടി.പി.ആർ സംബന്ധിച്ച വിശദാംശങ്ങളും പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രൈമറി തലം മുതൽ സെക്കന്ററി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ വിദ്യാർഥികൾക്ക് രോഗബാധയുണ്ടാകാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിലുള്ള കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ആരോഗ്യവകുപ്പുമായി ചേർന്ന് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ